LIBRARY ARCHIVES Kerala Legislative Assembly

പാളയത്തെ ട്രാഫിക് പരിഷ്കരണം

41 [3092] ശ്രീ. കെ. ബാബു:
" പി. ജെ. ജോയി:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ. മോഹൻകുമാർ:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പാളയത്ത് അണ്ടർ പാസും ബേക്കറി ജംഗ്ഷനിൽ ഫ്ളൈ ഓവറും നിർമ്മിക്കുന്നതിന്റെ ഭാഗമായി ഏതെല്ലാം വിധത്തിലാണ് ഗതാഗതം തിരിച്ചുവിടുന്നത് എന്ന് അറിയിക്കുമോ;

(ബി) ഇവ നിർമ്മിക്കുന്നതിന്റെ ഭാഗമായി എത്ര കാലം ഈ നടപടി വേണ്ടിവരും;

(സി) ഇപ്പോൾ ട്രാഫിക് തിരിച്ചുവിട്ട ക്രമമനുസരിച്ച് പട്ടം ഭാഗത്ത് നിന്ന് ബസിൽ വരുന്നവർക്ക് പാളയം, സ്റ്റാച്യൂ, ഓവർബ്രിഡ്ജ് എന്നീ സ്ഥലങ്ങളിൽ ഇറങ്ങാൻ കഴിയുമോ;

(ഡി) ഇല്ലെങ്കിൽ പട്ടം ഭാഗത്തു നിന്നുള്ള ബസ് യാത്രക്കാർക്ക് പാളയം, സ്റ്റാച്യൂ, ഓവർബ്രിഡ്ജ് എന്നിവിടങ്ങളിൽ ഇറങ്ങുന്നതിന് സൗകര്യപ്പെടുത്തുന്നതിനായി ബസുകൾ പി.എം.ജി.-യിൽ വച്ച് കുന്നുകുഴി വഴി ജനറൽ ഹോസ്പിറ്റൽ ജംഗ്ഷനിലോ ഗ്യാസ് ഹൗസ് ജംഗ്ഷനിലോ എത്തി ആശാൻ സ്ക്വയർ കറങ്ങി എ. കെ. ജി. സെന്ററിൽ നിന്നും സ്പെൻസറിലേക്കുള്ള റോഡുവഴി വി.ജെ.ടി. ഹാളിനു മുമ്പിലെത്തി സെക്രട്ടേറിയറ്റിലേക്ക് തിരിഞ്ഞ് പോകത്തക്കവിധം ട്രാഫിക് തിരിച്ചുവിടുന്നതിനുള്ള ബുദ്ധിമുട്ടെന്ത്ന്ന് വിശദീകരിക്കുമോ;

(ഇ) ഭരണ കേന്ദ്രമായ സെക്രട്ടേറിയറ്റ്, യൂണിവേഴ്സിറ്റി കോളേജ്, പാളയം മാർക്കറ്റ്, അക്കൗണ്ടന്റ് ജനറൽ ഓഫീസ് മുതലായ മർമ്മപ്രധാനമായ സ്ഥലങ്ങളിൽ സൗകര്യമായി പോകത്തക്കവിധം ബസ് സർവ്വീസുകൾ തിരിച്ച് വിടാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ബേക്കറി-പനവിള റോഡും, പാളയം രക്തസാക്ഷി മണ്ഡപത്തിന്റെ ഒരു റോഡും, റോഡുപണിക്കുവേണ്ടി അടച്ചിട്ടുള്ളതിനാൽ തിരുവനന്തപുരം ജില്ലാ ട്രാഫിക് പരിഷ്ക്കരണ സമിതിയുടെ നിർദ്ദേശാനുസരണം മുമ്പ് ബേക്കറി-പനവിള ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ, ബേക്കറിയിൽ നിന്നും വാൻറോസ് ജംഗ്ഷനിൽ എത്തി ഹൗസിംഗ് ബോർഡ് ജംഗ്ഷൻ വഴി മോഡൽ സ്ക്കൂൾ ജംഗ്ഷൻ വഴി തമ്പാനൂർ ഭാഗത്തേക്ക് പോകുന്നു. തമ്പാനൂർ ഭാഗത്തു നിന്നും എം.സി. റോഡു വഴി പോകേണ്ടതായ കെ.എസ്.ആർ.ടി.സി. വക ഫാസ്റ്റ് പാസഞ്ചർ,

സൂപ്പർ ഫാസ്റ്റ് തുടങ്ങിയവയും മറ്റ് ഹെവി വാഹനങ്ങളും വഴുതയ്ക്കാട്-മ്യൂസിയം വഴി ഓൾഡ് വാർ വഴി പി.എം.ജി. വഴി പോകുന്നു. എൻ.എച്ച്. റോഡുവഴി പോകേണ്ടതായ വാഹനങ്ങൾ തമ്പാനൂർ, ഓവർ ബ്രിഡ്ജ്, പാളയം, പി.എം.ജി. വഴി പോകുന്നു. കാട്ടാക്കട ഭാഗത്തുനിന്നും വരുന്ന വാഹനങ്ങൾ വഴുതയ്ക്കാട്, പനവിള, വാൻറോസ് വഴി തമ്പാനൂർ ഭാഗത്തേക്ക് പോകുന്നു. നെടുമങ്ങാട് ഭാഗത്തുനിന്നും വരുന്ന വാഹനങ്ങൾ മ്യൂസിയം, ബേക്കറി, വാൻറോസ് വഴി തമ്പാനൂർ ഭാഗത്തേക്ക് പോകുന്നു.

(ബി) രണ്ടു വർഷക്കാലം.

(സി ആന്റ് ഡി) പട്ടം ഭാഗത്തുനിന്നും ബസ്സിൽ വരുന്നവർക്ക് പാളയം, സ്റ്റാച്യൂ, ഓവർബ്രിഡ്ജ് എന്നീ സ്ഥലങ്ങളിൽ ഇറങ്ങാൻ തടസ്സമില്ല.

(ഇ) സെക്രട്ടേറിയറ്റ്, യൂണിവേഴ്സിറ്റി കോളേജ്, പാളയം മാർക്കറ്റ്, അക്കൗണ്ടന്റ് ജനറൽ ഓഫീസ് എന്നീ ഭാഗങ്ങളിലേക്ക് പോകുന്ന യാത്രക്കാർക്ക് ഇപ്പോൾ തടസ്സം ഉണ്ടാകുന്നില്ല.

പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി

42 [3093] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അച്ചടക്ക നടപടിക്ക് വിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(സി) ജനപ്രതിനിധികളോടും പൊതുപ്രവർത്തകരോടും അപമര്യാദയായി പെരുമാറിയതിന്റെ പേരിൽ എത്രപേർക്കെതിരെ നടപടി എടുത്തിട്ടുണ്ട്;

(ഡി) എം.എൽ.എ.-മാർ ഉൾപ്പെടെ പരാതി നൽകിയിട്ടും നടപടിക്ക് വിധേയരാകാത്ത പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാമാണ്; നടപടി എടുക്കാതിരുന്നതിന്റെ കാരണം എന്താണ്?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്.

കോഴിക്കോട് ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ

43 [3094] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, അത്തോളി, ബാലുശ്ശേരി പോലീസ് സ്റ്റേഷനുകളിൽ 2002-2003, 2004 വർഷങ്ങളിൽ എത്ര കേസുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly